


# Weekend Bulletin
## Knanaya Catholic Mission, Chicago
November 06, 2005, Vol. 1, Issue 6

# മാമ്മോദീസാ, തൈലാഭിഷേകം, വി. കുര്‍ബാന എന്നിവ ഒന്നിച്ചു നല്കുന്നതെന്തുകൊണ്ട്?

(പേജ് 4 കാണുക)



Representatives of the Mission with Bishop Mar Jacob Angadiath and V.G. Msgr. George Madathilparmbil.



Knanaya Catholic Mission celebrating the 60th birthday of Bishop Mar Jacob Angadiath.

## CONTACT INFORMATION

**MISSION DIRECTOR**
Fr. Abraham Mutholath
5212 W. Agatite Ave
Chicago, IL 60630.
(773) 412-6254
(773) 286–2556
E-mail: mutholath2000@yahoo.com
www.knanayamission.org/chicago

**BULLETIN EDITOR**
Mathachen Chemmachel
(708) 557-1907

**TRUSTEES**
**Chicago**: Saji Poothrukayil
(847) 293-9409
Sunny Thekkeparambil
(847) 673-6586
**Addison**: James Manjankal
(630) 758-1716
Baby Karikkal, (630) 379-8622

**SECRETARY & PRO**
George Thottappuram
(847) 975-9239

**FINANCE**
**Chicago**: John Elakkatt
**Addison**: Kurian Nellamattam,

**RELIGIOUS EDUCATION**
**Chicago**: Johny Thekkeparambil
(847) 533-8520
Secretary: Anna Kulangara
(847) 298-0786
**Addison**: Tonny Pullappally
(630) 205-5078
Secretary: Veena Jose Kaniyaly
(630) 539-7187

**CHILDREN MINISTRY**
**Chicago**: Bino Machanikkal
Saly Kizhakkekuttu
**Addison**: Tesa Thannikari
Ashley Varakalayil

**TEENS MINISTRY**
**Chicago**: Titto Kandarappally
Lissy Thottapuram
**Addison**: Sabu Mutholam
Justin Kalappurackal

**YOUTH MINISTRY**
**Chicago**: Mary Alumkal
Tessy Jose Njaravelil
**Addison**: Tessy Kanjirathumkal
Tomy Kunnassery

**ADULT TRAINING**
**Addison**: Jose Thazhathuvettathu

## SATURDAYS

St. Joseph Church
330 E. Fullerton Ave, Addison, IL 60101

Religious Education
3:45 P.M. to 4:45 P.M.
Holy Mass @ 5:00 P.M.

Youth Seminars on First Saturdays
2:45 P.M. to 4:45 P.M.
English Mass in Syro-Malabar Rite
First Saturdays @ 5:00 P.M.

## SUNDAYS

Our Lady of Victory (OLV) Church
5212 W. Agatite Ave, Chicago, IL 60630

Religious Education
4:00 P.M. to 5:00 P.M.
Holy Mass @ 5:30 P.M.

Youth Seminars on First Sundays
3:00 P.M. to 5:00 P.M.
English Mass in Syro-Malabar Rite
First Sundays @ 5:30 P.M.

## NOVENA TO OUR LADY OF PERPETUAL HELP

Saturdays after Holy Mass at St. Joseph Church, 330 E. Fullerton Ave, Addison.

## NOVENA TO ST. JUDE

Thursdays at 7:00 P.M. with Holy Mass and Benediction at Community Center,
5110 N. Elston Ave, Chicago, IL 60630.

**November 2005**

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 |
| 6 | 7 | 8 | 9 | 10 | 11 | 12 |
| 13 | 14 | 15 | 16 | 17 | 18 | 19 |
| 20 | 21 | 22 | 23 | 24 | 25 | 26 |
| 27 | 28 | 29 | 30 | | | |

# Schedule of Events

SATURDAY, NOVEMBER 5, 2005

* Youth Seminar at Addison by Dr. Mike Cahill on "Our life experience and the Scripture" from 2:45 P.M. to 4:45 P.M.
* Religious Education Class at Addison from 3:45 P.M.
* Youth Mass and Novena in English at Addison from 5:00 P.M.
* Office and Manthra for the Deceased in Malayalam after the Holy Mass. Pictures of the deceased family members can be displayed with flowers.
* Special Collection for the Church Building Fund.

SUNDAY, NOVEMBER 6, 2005

* Youth Seminar from 2:30 P.M. to 4:30 P.M. at OLV Chicago by Fr. Thomas Philip on Ten Commandments.
* Religious Education Class at OLV Chicago from 3:30 P.M.
* Youth Mass in English at OLV Chicago from 5:00 P.M.
* Special Collection for the Church Building Fund.

THURSDAY, NOVEMBER 10, 2005

* Mass, Novena, Rosary, and Benediction at Community Center at 7:00 P.M.

FRIDAY, NOVEMEBER 11, 2005

* Religious Education Teachers' Training on New Approaches in Catechetical Training and Pious Associations at Music Room of OLV School in Chicago at 6:30 P.M.. Resource person: Sister Judith Dieterle, SSL, Associate Director, Office of Catechesis, Archdiocese of Chicago. All Religious Education staff at Addison and Chicago are supposed to attend.

SATURDAY, NOVEMBER 12, 2005

* Religious Education Class at Addison from 3:45 P.M. to 4:45 P.M.
* Mass and Novena at Addison at 5:00 P.M.

SUNDAY, NOVEMBER 13, 2005

* Religious Education Class at OLV from 4:00 P.M. to 5:00 P.M.
* Holy Mass, office, and manthra for the deceased at OLV Church Upper level at 5:30 P.M. Pictures of the deceased family members can be displayed with flowers.

# MISSION DIRECTOR'S COLUMN

## പ്രവേശക കൂദാശകളും കുറെ കൺഫ്യൂഷനും



ശിശുവായിരിക്കുമ്പോൾ മാമ്മോദീസയും തിരിച്ചറിവിനു പ്രായമാകുമ്പോൾ കുമ്പസാരവും ആദ്യകുർബാന സ്വീകരണവും പിന്നീട് മെത്രാൻ ഇടവക ദൈവാലയം സന്ദർശിക്കുമ്പോൾ സ്ഥൈര്യലേപനവും എന്നതായിരുന്നല്ലോ 2005 ഫെബ്രുവരി അഞ്ചുവരെ സീറോമലബാർ സഭയിൽ അനുഷ്ഠിച്ചുപോന്ന പതിവ്. അതുമാറി ഇപ്പോൾ ശിശുക്കൾക്ക് ജ്ഞാനസ്നാനത്തോടൊപ്പം തൈലാഭിഷേകവും (സ്ഥൈര്യലേപനത്തിന് പൗരസ്ത്യസഭകളിലെ പേര്) പ്രഥമ ദിവ്യകാരുണ്യസ്വീകരണവും നടത്തുകയാണ്. കുട്ടിയ്ക്കു തിരിച്ചറിവിനു പ്രായമായശേഷം ആദ്യകുമ്പസാരവും ആഘോഷമായ ദിവ്യകാരുണ്യസ്വീകരണവും നടത്തിയ ശേഷമാണ് കുട്ടി അനുദിന ദിവ്യകാരുണ്യസ്വീകരണം നടത്തുക.

ഈ സഹചര്യത്തിൽ മാമ്മോദീസായൊടൊപ്പം തൈലാഭിഷേകം സ്വീകരിക്കാത്തവർക്ക് ആദ്യകുർബാനസ്വീകരണത്തോടൊപ്പം സ്ഥൈര്യലേപനവും നൽകുന്നതാണ്. എന്നാൽ മാമ്മോദീസയും ആദ്യകുർബാനസ്വീകരണവും കഴിഞ്ഞ അനവധിപേർ തൈലാഭിഷേകം സ്വീകരിക്കാത്തതായുണ്ട്. അവരെ ഈ വർഷം മതബോധന ക്ലാസ്സിൽ പ്രത്യേകം ഒരുക്കിയശേഷം തൈലാഭിഷേകം നടത്തുന്നതാണ്.

എന്തുകൊണ്ടാണ് ഈ മാറ്റം എന്നതു പ്രസക്തമായ ചോദ്യമാണ്. ആദിമ നൂറ്റാണ്ടുകളിൽ പ്രായപൂർത്തിയായവർക്കാണു പ്രവേശക കൂദാശകളെന്നറിയപ്പെടുന്ന മാമ്മോദീസ, സ്ഥൈര്യലേപനം, വിശുദ്ധ കുർബ്ബാന എന്നിവ ഒന്നിച്ചു നൽകിയിരുന്നത്. പിന്നീട് ശൈശവ മാമ്മോദീസാ നടപ്പിലാക്കിയപ്പോൾ പൗരസ്ത്യസഭകളിൽ അവ അതേപടി ശിശുക്കൾക്ക് ഒന്നിച്ചു നൽകിപോന്നു. അങ്ങനെ ശൈശവത്തിൽ തന്നെ കൗദാശിക വരപ്രസാദത്താൽ നിറയുവാൻ പൗരസ്ത്യസഭ അവസരമരുളി. ലത്തീൻ സഭയിലാകട്ടെ പ്രവേശക കൂദാശകൾ വെവ്വേറെ നൽകിവരുന്നു.

സീറോമലബാർ സഭ പൗരസ്ത്യസഭകളിൽ പെട്ടതായതിനാൽ പ്രവേശക കൂദാശകൾ മൂന്നും ഒന്നിച്ചു നൽകിയിരുന്നു. പിൽക്കാലത്ത് ലത്തീൻ മിഷനറിമാർ നമ്മുടെ സഭയിൽ ലത്തീൻ രീതിയിൽ മാറ്റങ്ങൾ വരുത്തിയതിനാലാണ് നമ്മളും അടുത്ത കാലം വരെ ഈ കൂദാശകൾ വെവ്വേറെ പരികർമ്മം ചെയ്യുവാൻ ഇടയായത്. പൗരസ്ത്യ സഭകൾ തങ്ങളുടെ പൈതൃകം നിലനിർത്തുകയും നഷ്ടപ്പെട്ടവയെ പുനഃസ്ഥാപിക്കുകയും ചെയ്യണമെന്ന കത്തോലിക്കാ സഭയുടെ ആധുനിക നിലപാടനുസരിച്ചാണ് ഇപ്പോൾ പ്രവേശക കൂദാശകൾ ഒന്നിച്ചു നൽകുന്നത്. സ്ഥൈര്യലേപനം സ്വീകരിക്കാത്ത ആദ്യകുർബാന സ്വീകരിച്ച എല്ലാ കുട്ടികളെയും തൈലാഭിഷേകം വഴി സഭാംഗത്വത്തിന്റെ പൂർണ്ണതയിലേക്കു നയിക്കുവാൻ മാതാപിതാക്കൾ ഉത്സാഹിക്കണം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. ഏബ്രഹാം മുത്തോലത്ത്.



## നുറുങ്ങുവെട്ടം

**സഭാപിതാക്കന്മാരിലൂടെയാണ്**
**ദൈവം നമ്മെ നയിക്കുകയും പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നത്.**




Dear parents,

So that we may love tenderly, act justly, and walk humbly with our God. The people of Knanaya Catholic Mission are a faith community and are aware of our need for one another and the need of our children.

As the parents, we always try our best to support the children for their physical and intellectual growth. At the same time it is our prime duty to lead them through the paths from which they gain spiritual and moral supports. One way of providing spiritual supports is, religious education classes and seminars. There are many other ways to nurture our children spiritually and morally. A few of those are Youth Seminars, Children Ministry, Teens Ministry, Bible classes, and group prayers at home.

This is the reason we started the Religious Education Schools under the great leadership of Rev. Fr. Abraham Mutholath. As a strong community, we may support Fr. Abraham and the dedicated members of our community, especially the young men and women, who sacrifice their valuable time and efforts for our children.

As a Catechist, I personally invite all of you " Parents " to take advantage of this golden opportunity to feed your "spiritually hungry" children and help them to grow as good examples in our community and through them make our community distinct from others.

May God bless everyone of you

Tomy Kunnasseril
Assistant DRE, St. Joseph church, Addison.

## ദൈവാലയ നിർമ്മാണത്തിന് ആഴ്ചതോറും പണമടയ്ക്കാം.



നമുക്കു സ്വന്തമായൊരു ദൈവാലയം എന്ന സ്വപ്ന സാക്ഷാൽക്കരത്തിന് പലരും ആഴ്ചതോറും തവണകളായി പണമടയ്ക്കുവാൻ തുടങ്ങിക്കഴിഞ്ഞു.

എല്ലാ ശനിയാഴ്ചയും ഞയറാഴ്ചയും ആഡിസണിലും ചിക്കാഗോയിലും ദിവ്യബലിയോടനുബന്ധിച്ച് തവണകളായി സാധാരണ സ്തോത്രക്കാഴ്ചയോടൊപ്പം സംഭാവന സ്വീകരിക്കുന്നതാണ്. ഈ പ്രത്യേക സംഭാവന ചെക്കായോ കവറിലോ “ദൈവാലയ നിർമ്മാണ ഫണ്ടിലേക്ക്” എന്ന് എഴുതി നല്കണം. ആ തുക നിങ്ങളുടെ പേരിൽ വരവു വച്ച് പിന്നീടു നിശ്ചയിക്കുന്ന വീതപിരിവിൽ കുറവു ചെയ്യുന്നതാണ്.

ഈശോയ്ക്കും നമുക്കുംവേണ്ടിയുള്ള ഈ പൊതു ഭവനം നമുക്കൊന്നുചേർന്നു നിർമ്മിക്കാം. നമ്മുടെ ഐക്യത്തിന്റെയും അഭിമാനത്തിന്റെയും സർവ്വോപരി ആത്മീയ വികസനത്തിന്റെയും പ്രതീകമായി അതുമാറട്ടെ.

എന്ന് മിഷൻ ഡയറക്ടർ

ഫാ. ഏബ്രഹാം മുത്തോലത്ത്

# പ്രവേശക കൂദാശകൾ: അനുഷ്ഠാനവും അവബോധവും

***(സീറോ മലബാർ സഭയുടെ കൂദാശകളെക്കുറിച്ചുള്ള പുതിയ ക്രമം 2005 ജനുവരി 6നു പ്രാബല്യത്തിൽ വന്നല്ലോ. അതിൽ പ്രവേശകകൂദാശകളുടെ (മാമ്മോദീസാ, തൈലാഭിഷേകം, വി. കുർബാന) ഒരുമിച്ചുള്ള പരികർമ്മത്തെക്കുറിച്ചുള്ള വിശദീകരണമാണ് ഈ ലേഖനം.)***

ഇന്ന് ക്രൈസ്തവലോകത്തു പരക്കെ പരിചയമുള്ള ക്രമം മാമ്മോദിസാ, കുർബാന, സ്ഥൈര്യലേപനം എന്നതാണ്. ഈ ക്രമം ലത്തീൻ സഭ നടപ്പിൽ വരുത്തിയതാണ്. പൗരസ്ത്യസഭകൾ, മാമ്മോദീസാ, തൈലാഭിഷേകം, വി. കുർബാന എന്ന ക്രമമാണ് 6–)ം നൂറ്റാണ്ടു മുതൽ സ്വീകരിച്ചു പോന്നത്.

സഭയുടെ ആരംഭ കാലങ്ങളിൽ എല്ലാ സഭകളും പ്രത്യേകിച്ച് പൗരസ്ത്യ സഭകൾ സ്വന്തമാക്കിയിരുന്ന ക്രമം, തൈലാഭിഷേകം, മാമ്മോദീസാ, കുർബാന എന്നതായിരുന്നു. അതായത് ആദ്യം തൈലം പൂശി ആത്മാവിനെ നൽകുന്നു. അതേത്തുടർന്ന് മാമ്മോദീസായും വി. കുർബാനയും നൽകുന്നു. 6–)ം നൂറ്റാണ്ടിനുശേഷമാണ് മാമ്മോദീസാക്കുശേഷം തൈലാഭിഷേകം തുടർന്നു വി. കുർബാന സ്വീകരണം എന്ന രീതി നടപ്പിലായത്. പൗരസ്ത്യസഭകൾ മേൽപ്പറഞ്ഞ പ്രവേശക കൂദാശകൾ എന്നും ഒരുമിച്ചു നില്കുന്ന ശൈലിയാണ് സ്വീകരിച്ചു പോന്നത്.

പൗരസ്ത്യ സഭകളിൽ ആദ്യകാലങ്ങളിൽ തൈലാഭിഷേകത്തിനു ശേഷം മാമ്മോദീസാ നൽകുവാനുള്ള വി. ഗ്രന്ഥാടിത്തറ നടപടി 10: 44–48 ആണ്. കൊർണേലിയൂസിന്റെ വീട്ടിൽ പത്രോസ് സംസാരിച്ചുകൊണ്ടിരുന്നപ്പോൾ കേൾവിക്കാരുടെ മേൽ പരിശുദ്ധ റൂഹാ വന്നുവസിച്ചു. റുഹായെ സ്വീകരിച്ച അവരെ ജലത്താലുള്ള മാമ്മോദീസാ വഴി വിശ്വാസികളുടെ ഗണത്തിലേക്കു കൂട്ടിച്ചേർത്തു. ഏറ്റവും പുരാതനമായ പാരമ്പര്യങ്ങളിൽ ഒന്നാണിത്. വി. പൗലോസിന്റെ മാനസാന്തരവേളയിൽ കാണുന്നതും ഇതാണ്. അരൂപിയെ സ്വീകരിച്ച പൗലോസ് പിന്നീട് മാമ്മോദീസാ സ്വീകരിക്കുന്നു.

എന്നാൽ പിന്നീട് എല്ലാ പൗരസ്ത്യ സഭകളിലും മാമ്മോദീസായെ തുടർന്നാണ് തൈലാഭിഷേകം നടത്തുന്നത്; അതായത് ആദ്യം മാമ്മോദീസ. എഫേസൂസിൽവച്ച് പൗലോസ് കണ്ടുമുട്ടിയ ശിഷ്യന്മാർക്ക് ഈശോയുടെ നാമത്തിൽ മാമ്മോദീസാ നൽകി. അതിനുശേഷം അവരുടെമേൽ കൈകൾ വച്ചപ്പോൾ പരിശുദ്ധാത്മാവ് അവരിൽ വന്നു വസിച്ചു.



***പാലാ ബിഷപ്പ്***
***മാർ ജോസഫ് കല്ലറങ്ങാട്ട്***

പീലിപ്പോസ് സമരിയായിൽ പ്രസംഗിച്ചപ്പോൾ എല്ലാവരും മാമ്മോദിസാ സ്വീകരിച്ചു. പിന്നീട് യോഹന്നാനും പത്രോസും സമരിയായിലെത്തി കൈവയ്പ്പുവഴി പരിശുദ്ധാത്മാവിനെ നൽകി.

**ആദ്യം തൈലാഭിഷേകവും പിന്നീട് മാമ്മോദീസായും അതെ തുടർന്ന് മിശിഹായുടെ തിരുരക്ക്ങ്ങളിൽ പങ്കുകാരാക്കി സഭാമക്കളാക്കിതീർക്കുന്ന വി. കുർബാന സീകരണവും ആദിമസഭയുടെ പൊതു പൈതൃകമായിരുന്നു.**

സുറിയാനിസഭയുടെ ആദ്യകാല മൂല ഗ്രന്ഥങ്ങളിൽ കാണുന്ന ക്രമം ഇതാണ്. ആത്മാവിനെ സ്വീകരിക്കൽ, മാമ്മോദീസാ, വി. കുർബാന, സോളമന്റെ ഗീതങ്ങൾ, 12 ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ, യൂദാതോമായുടെ നടപടികൾ, പണ്ഡിതരും ചിന്തകരുമയിരുന്ന അഫ്രാത്തസ്, അഫ്രേം, നർസെ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ എന്നിവയെല്ലാം ഇതിനു മതിയായ തെളിവുകളത്രെ.

എന്നാൽ 6–)ം നൂറ്റാണ്ടോടുകൂടി സഭയിൽ ലിറ്റർജിക്കൽ നവീകരണം നടന്നു. നവീകരണം നടന്നപ്പോൾ പാശ്ചാത്യ പൗരസ്ത്യ സഭകളിൽ പ്രവേശക കൂദാശകളുടെ ക്രമത്തിനു വ്യത്യാസം വന്നു. ആദ്യം മാമ്മോദീസാ നൽകുന്ന രീതി എല്ലാ സഭകളിലും രംഗപ്രവേശം ചെയ്തു. താമസംവിനാ പൗരസ്ത്യസഭകളുടേയും പതിവ് അതായി.

**എന്തുകോണ്ടാണ് ഈ മൂന്നു കൂദാശകളെ പ്രവേശകകൂദാശകൾ എന്നു വിളിക്കുന്നത്?.** സഭയുടെ വിശ്വാസത്തിന്റെ ഉള്ളറകളിലേക്കു ഒരു വ്യക്തിയെ നയിക്കുന്നതിനുള്ള അടിസ്ഥാന കാര്യങ്ങളെല്ലാം പ്രദാനം ചെയ്യപ്പെടുന്നത് ഈ കൂദാശകളുടെ സ്വീകരണത്താലാണ്. **സഭാപിതാക്കന്മാരുടെ കാലത്ത് സഭയിലേക്കു കടന്നുവരുന്ന എവർക്കും ഈ മൂന്നു കൂദാശകളും ഒരുമിച്ചാണ് നൽകിയിരുന്നത്. സഭയിലേക്കു ഉൾച്ചേർക്കപ്പെടുന്നതിന് ഈ കൂദാശകൾ അനുപേക്ഷണീയമായി എല്ലാവരും കരുതിയിരുന്നതിനാൽ പ്രവേശക കൂദാശകൾ എന്ന് പേരു സർവ്വസാധാരണമായി. ശിശു മാമ്മോദീസാ സർവ്വസധാരണമായപ്പോൾ ഈ രീതിക്ക് വ്യത്യാസം വരുന്നതായി കാണാം.**

ആദ്യ നൂറ്റാണ്ടുകളിൽ എല്ലാ സഭകളുടേയും കീഴ്വഴക്കം ഈ മൂന്നു കൂദാശകൾ ഒരുമിച്ചു നൽകുക എന്നതാ യിരുന്നല്ലോ. പിന്നീട് ലത്തീൻ സഭ ഈ ക്രമത്തിനു വ്യത്യാസം വരുത്തി. ശിശുവായിരിക്കുമ്പോൾ മാമ്മോദീസാ നൽകുകയും കുറെ വർഷം കഴിഞ്ഞ് വി. കുർബാനയും വീണ്ടും എതാനും വർഷങ്ങൾ കഴിയുമ്പോൾ സ്ഥൈര്യലേപനം നൽകുകയും ചെയ്യുന്ന രീതി ലത്തീൻസഭ നടപ്പിലാക്കി. മനുഷ്യരുടെ യുക്തിയുടേയും ചിന്തയുടേയും ഊന്നലുകൾ വിശ്വാസ ജീവിതത്തിൽ കൂട്ടിച്ചേർക്കാൻ ലത്തീൻ പാരമ്പര്യം എക്കാലവും ശ്രമിച്ചിരുന്നു. 1274ൽ ലിയോൺസ് കൗൺസിലിലാണ് സ്ഥൈര്യലേപനത്തെ മാമ്മോദീസയിൽ നിന്ന് വേർപെട്ടും അതിനുശേഷവുമുള്ള കൂദാശയായും സ്വീകരിച്ചത്. 1546ലെ ത്രെന്തോസ് സൂനഹദോസ് അവയെ രണ്ടു വ്യത്യസ്ത കൂദാശകളായി മാറ്റുകയും ചെയ്തു. അപ്രകാരം പശ്ചാത്യ സഭ പ്രവേശക കൂദാശകൾ ഒന്നിച്ചു കെടുക്കുന്ന പതിവ് ഉപേക്ഷിക്കുകയും കുട്ടികളെ പടിപടിയായി വിശ്വാസ ജീവിതത്തിലേക്കു പ്രവേശിപ്പിക്കുകയും ചെയ്യുന്ന പതിവ് നടപ്പിലാക്കുകയും ചെയ്തു. പാശ്ചാത്യ തത്വശാസ്ത്രത്തിന്റെയും ബൗദ്ധിക ദൈവശാസ്ത്ര ആഭിമുഖ്യത്തിന്റെയും അടിവേരുകൾ ഇതിന്റെ പിന്നിലുണ്ട്.

പൗരസ്ത്യ സഭകൾക്ക് കൂദാശകളെക്കുറിച്ച് അൽപം വ്യത്യസ്തമായ സമീപനമാണുള്ളത്. കുദാശകളുടെ സഭാത്മകവും മൗതീകവും സാകല്യസ്വഭാവം സംരക്ഷിക്കുന്നതുമായ ഒരു കാഴ്ചപ്പാടാണത്. ദാർശനികതയെക്കാൾ മൗതീകതക്ക് ഊന്നൽ കെടുക്കുന്ന ഒരു ശൈലിയാണിത്.

ദൈവിക രഹസ്യങ്ങളുടെ അഗ്രാഹ്യത കാന്ത ശക്തിപേലെ ഇവിടെ പ്രവർത്തിക്കുന്നു. വ്യക്തിയെ സഭയുടെ രഹസ്യത്തിലേക്കു പ്രവേശിപ്പിക്കുന്നതിന്റെ പൂർണ്ണഘടകങ്ങക്കുറിച്ചാണ് പൗരസ്ത്യ സഭകൾ എക്കാലവും ചിന്തിച്ചത്. ആ വ്യക്തി ബൗദ്ധികമായി അതെല്ലം ഉൾക്കൊള്ളണം എന്ന നിർബന്ധബുദ്ധി പ്രകടിപ്പിക്കാറില്ല. മേൽപ്പറഞ്ഞ ആത്മീയ ചിന്തകൾ പരിരക്ഷിക്കാനുള്ള ശാശ്വതമായ ദൈവശാസ്ത്രവഴിയായിട്ടുകൂടിയാണ് പൗരസ്ത്യർ പ്രവേശക കൂദാശകളുടെ ഒരുമിച്ചുള്ള പരികർമ്മത്തെ കാണുന്നത്. പൗരസ്ത്യരുടെ ഇടയിൽ പ്രവേശക കൂദാശകൾ തമ്മിലുള്ള ബന്ധം അത്രക്ക് ദൃഢതരമാകയാൽ ചിലപ്പോഴെല്ലാം ഈ മൂന്നു കൂദാശകളേയും അർത്ഥമാക്കാൻ മാമ്മേദിസാ എന്നു മാത്രം പറഞ്ഞിരുന്നു.

**കൂദാശകളുടെ ദൈവശാസ്ത്രം കൂടുതൽ ഉറവിടങ്ങളിൽ അധിഷ്ഠിതവും സഭാത്മകവുമാക്കിയ രണ്ടാം വത്തിക്കാൻ സൂനഹദോസു പ്രവേശകകൂദാശകൾ ഒന്നിച്ചു നൽകണമെന്ന നിർദ്ദേശമാണ് മുമ്പോട്ടു വക്കുന്നത്.** വിശ്വാസജീവിതത്തിലേക്കു കടന്നു വരുവാനുള്ള എറ്റവും പ്രാഥമികമായ വ്യവസ്ഥയായിട്ടാണ് കൗൺസിൽ പ്രവേശകകൂദാശകളെ കണ്ടത്. സൂനഹദോസിന്റെ ചൈതന്യവും നിർദ്ദേശവും സ്വീകരിച്ചുകൊണ്ടുതന്നെ പൗരസ്ത്യ കാനൻ നിയമവും ഈ പ്രവേശക കൂദാശകൾ തമ്മിലുള്ള ബന്ധം വളരെ ഊന്നൽ കൊടുത്ത് സംസാരിക്കുന്നതായി കാണാം. **സൈഥര്യലേപനം പരികർമ്മം ചെയ്യേണ്ടത് അത്യാവശ്യ സാഹചര്യത്തിലൊഴികെ മാമ്മോദീസായേടനുബന്ധിച്ചാണ്. മറിച്ചായാൽ സൈഥര്യലേപനം എത്രയും നേരത്തെ പരികർമ്മം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.**

പൗരസ്ത്യ തിരുസംഘത്തിൽനിന്നുള്ള നിർദ്ദേശത്തിലും മൂന്ന് പ്രവേശക കൂദാശകൾ തമ്മിലുള്ള ഗാഢബന്ധമാണ് ചർച്ചാവിഷയമാക്കിയിരിക്കുന്നത്. ഇവിടെ പൗരസ്ത്യർ ഊന്നൽ കൊടുക്കുന്നകാര്യം ഈ ബന്ധം ആ കൂദാശകളുടെ ഒരുമിച്ചുള്ള ആഘോഷത്തിൽത്തന്നെ വ്യക്തമാക്കണം എന്നത്രേ. വിശ്വാസത്തിലേക്കുള്ള ആദ്യവിളിയിൽത്തന്നെ വിശ്വാസ രഹസ്യത്തിന്റെ സമഗ്രതയിലേക്ക് അർത്ഥികളെ നയിക്കുകയാണ്. വിശ്വാസത്തിലേക്കുള്ള ആദ്യവിളിയുടെ ആരംഭം കുറിക്കുന്ന ഈ പ്രവേശനം മിശിഹയുടെ പെസഹാ രഹസ്യത്തിലാണ് അതിന്റെ പരമ ബിന്ദുവിലെത്തുക. നമ്മെ ദൈവത്തിന്റെ മക്കളും അരൂപിയുടെ ആലയവുമാക്കിതീർക്കുന്ന മിശിഹായുടെ ഉയർപ്പിലേക്ക് ഉയർത്തുന്നതിനു വേണ്ടി അവന്റെ മരണത്തിൽ നമ്മൾ നിമഗ്നരാക്കപ്പെടുന്നു. **ദൈവരാജ്യത്തിനുവേണ്ടി ശുശ്രൂഷ ചെയ്യാൻ അരൂപിയിൽ അഭിഷ്കതരായ നമ്മൾ രാജ്യത്തിന്റെ വിരുന്നിൽ പങ്കുചേരുവാനും അങ്ങനെ യോഗ്യരാക്കപ്പെടുവാനും മാമ്മോദീസാ, വി. തൈലംകൊണ്ട് അഭിഷേകം, വി. കുർബാന സ്വീകരണം എന്നീ മൂന്നു കൂദാശകൾ ഒരുമിച്ചോ അഥവാ ഒന്ന് മറ്റൊന്നിൽ നിന്ന് അധികം തമസ്സമില്ലതയൊ പരികർമ്മം ചെയ്യണം.**

പല പൗരസ്ത്യസഭകളിലും ബാഹ്യ സമ്മർദ്ദം മൂലം പ്രവേശകകൂദാശകളുടെ ഒരുമിച്ചുള്ള പരിക്രർമ്മത്തിന് വ്യത്യാസം വന്നിരിക്കുന്നു. അതിന്റെ അടിസ്ഥാന കാരണം ലത്തീൻ സഭ വ്യത്യസ്തമായ രീതിയിൽ അവതരിപ്പിച്ച ആധ്യാത്മികവും അജപാലനപരവുമായ ശൈലികളാണ്. **യുക്തിയുടെ വെളിച്ചത്തിൽ ഭദ്രമായിട്ടു തോന്നാമെങ്കിലും അതു സഭയുടെ പൊതുപൈതൃകത്തിനും പൗരസ്ത്യസഭകളുടെ ചിരപുരാതനശൈലിക്കും ചേരാത്ത രീതിയാണ്. അതുകൊണ്ടാണ് സഭയുടെ ഔദ്യോഗിക രേഖകളിലെല്ലാം മേൽപ്പറഞ്ഞ പൊതു പൈതൃകം പുനസ്ഥാപിക്കണമെന്ന ആശയം ആവർത്തിക്കപ്പെടുന്നത്. പ്രവേശക കൂദാശകൾ ഒന്നിച്ചു പരികർമ്മം ചെയ്യുന്നത് ദൈവശാസ്ത്രപരമായി ഏറെ അർത്ഥവത്താണ്.** മാമ്മോദീസയിൽ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് വ്യക്തി സ്വതന്ത്രനാക്കപ്പെടുന്നു. പുതിയൊരു ജീവനിലേക്കു കടന്നു വരുന്നു. വീണ്ടും വി. മൂറോൻ കൊണ്ട് മുദ്രചെയ്യപ്പെടുന്നു. പരിശുദ്ധ റൂഹായിലുള്ള അഭിഷേകമാണത്. വി. കുർബാനയുടെ സ്വീകരണം വഴി സഭയോടും മിശിഹായോടും ഗാഢമായി ബന്ധപ്പെടുന്നു. ആത്യന്തികമായി സഭയുടെ മൗത്തിക സ്വഭാവമാണ് ഇവിടെ പരിരക്ഷിക്കപ്പെടുന്നത്. കൂദാശകളെ സഭാത്മകമായും സഭയുടെ പ്രവർത്തനങ്ങളായും കാണാനുള്ള മാർഗ്ഗവും ഇതത്രേ. **കൂദാശകൾ സഭയുടെ പ്രവർത്തനങ്ങളത്രേ. തന്മൂലം അവ ആഘോഷമയി പരികർമ്മം ചെയ്യപ്പെടണം.**

ഭാരതത്തിലെ മാർത്തോമ്മ നസ്രാണികൾ 16-)ം നൂറ്റാണ്ടുവരെ പ്രവേശക കൂദാശകൾ ഒന്നിച്ചാണ് പരികർമ്മം ചെയ്തിരുന്നത്. പൗരസ്ത്യ സുറിയാനി സഭകൾക്ക് പൊതുവായി ഉണ്ടായിരുന്ന കീഴ്വഴക്കവും അതാണല്ലോ. ഭാരതത്തിൽ വിദേശമിഷനറിമാരുടെ സാന്നിധ്യം സജീവമായപ്പോൾ ലത്തീൻ ആരാധനക്രമം സുറിയനി ഭാഷയിലേക്കു വിവർത്തനം ചെയ്ത് ഉപയോഗിക്കുകയായിരുന്നല്ലോ. 1966 വരെ അതു തുടരുകയും ചെയ്തു.

***(അടുത്ത ലക്കത്തിൽ തുടരും).***



Participants of marriage preparation course by the mission with organizers of the program.



Mission Sunday Auction held at OLV Church under the leadership of Saji Poothrukayil and Sabu Naduveettil

## Weekly Collections

| | |
|---|---|
| October 23 Mission Sunday at OLV Chicago | 960.15 |
| Oct. 23 Mission Sunday Auction at OLV Chicago | 435.00 |
| *October 23rd for Church Building Fund* | *1,270.00* |
| *Current Balance in Church Building Fund* | *19,624.49* |
| Oct. 29 Knanaya Night at Thaft for Mission Sunday | 412.00 |
| October 30 at OLV Chicago | 234.48 |
| *THANK YOU FOR YOUR SUPPORT* | |

## ADVERTISEMENTS ARE WELCOME



Your complimentary advertisements on special occasions like wedding, baptism, jubilee, and death anniversaries are welcome at a nominal contribution towards charitable works of our Agape Movement. Please contact George Thottapuram or Mathachan Chemmachel for details.

## CHANGE OF SCHEDULE

Please note that the Youth Seminar, Religious Education Classes, and Youth Mass at OLV Chicago on Sunday, November 6th will start 30 minutes earlier than our regular schedule because of a special Holy Mass at 7:00 P.M. for OLV parishioners. So the new schedule for this Sunday will be as follows:

**Youth Seminar** from 2:30 P.M. to 4:30 P.M.
**Religious Education** Class from 3:30 P.M.
**Youth Mass** in English from 5:00 P.M.

### ചിക്കാഗോയിൽ മരിച്ചവരുടെ ഓർമ്മ നവം. 13ന്

നവംബർ ആറിന് ചിക്കാഗോയിൽ OLV പാർക്കിഗ് ലോട്ട് നേരത്തെ ഒഴിവാക്കേണ്ടതിനാൽ അവിടെ നടത്താൻ നിശ്ച യിച്ചിരുന്ന മരിച്ചവരുടെ ഓർമ്മ ദിനം നവംബർ 13 ഞയ റാഴ്ചയിലേക്കു മാറ്റിയിരിക്കുകയാണ്. അന്ന് സകല മരിച്ചവർക്കും വേണ്ടി പാട്ടുകുർബാനയും പ്രത്യേക ഒപ്പീസും മന്ത്രായും നടക്കും. നമ്മുടെ പ്രിയ പൂർവ്വികരുടെ ചിത്രങ്ങൾ അലങ്കരിച്ചു പ്രദർശിപ്പിക്കുന്നതിനു സൗകര്യമുണ്ട്. ചിത്രങ്ങ ളിൽ വിശുദ്ധ ജലം തളിക്കുകയും ധൂപാർപ്പണം നടത്തു കയും ചെയ്യും. കുറച്ചുപേർ നെയ്യപ്പം കൊണ്ടുവന്നാൽ നന്നായിരിക്കും.

## READERS / LECTORS — പള്ളികൂദാശ കാലം – രണ്ടാം ഞായർ

| NOV. 5 & 6 | PASSAGE | ADDISION | OLV CHICAGO |
|---|---|---|---|
| 1ST READING | Wisdom 6:12-16 | Steby Indikuzy | Joann Puthenpurayil |
| 2ND READING | 1 Thessalonians 4:13-18 | Serina Madayanakavil | Lukas Chemmachel |
| NOV. 12 & 13 | | | |
| 1ST READING | Proverbs 31:10-13, 19-20, 30-31 | Timmy Vayalil | Jomin Aikkaraparampil |
| 2ND READING | 1 Thessalonians 5:1-6 | Sheryl Pulimalayil | Jincy Aikkaraparampil |





Kindergarten students and teachers of Religious Education School at Addison.




**Jaibu Mathew, E.A.**
ENROLLED TO PRACTICE BEFORE IRS

JAIBU MATHEW KULANGARA

7215 W. Touhy, Suite 5, Chicago, IL 60631.
Office: 773-792-2117, 312-718-6337 Cell
Fax: 773-792-2118, jaibu6@aol.com

* Free Electronic Filing * Refund in 24 Hours *

Professional with 11 years experience in catering.

YOU INVITE THE GUESTS, WE DO THE REST

**Malabar**
Catering &Carry-out

Call
WILLIAM GEORGE
3519 W. Montrose Ave,
Chicago, IL 60618
Tel: 773-588-0304
Cell 773-842-5179
E-mail:
malabarcat@yahoo.com

CITYWIDE JMW REALTY INC.



4313 W. Irwing Park, Chicago, IL 60641

ALEX MULLAPPALLIL
REALTOR CONSULTANT

Tel: 773-286-6200 * Cell: 847-2089516
Res: 847-679-9431 * Fax: 773-286-9516

EQUALHOUSINGLENDER

Specializing in: Gas Stations, Investments, Commercial, & Residential.

Illinois Residential Mortgage Licensee

COLDWELL BANKER

**MARTIN & MARBRY**
*REALTOR*
For All Your Real Estate Needs
Buying, Selling, Re-locating & Investing
Call: Zachariah Chacko (Zach)
(A Friendly Realtor)



Find out how much your dream home is worth today?
4632 W. Church St., Skokie, IL 60076
(847) 677-1200 (Business)
(847) 551-7386 (Pager)
(847) 374-5031 (Voice Mail)

EQUALHOUSINGLENDER

**LINCOLNWOOD**
**MORTGAGE SERVICES, INC.**



4039 W. Main St., Skokie, IL 60076
Phone: 847-674-1600
Fax: 847-674-1608
*For all your Mortgage Services*
Please contact: Benny Kuriakose (Kanjiraparayil)
Phone: 847.583.1245, Pager: 773.258.1301.
PURCHASE, REFINANCES, FIXED, ADJUSTABLE
We offer fast approvals

EQUAL OPPORTUNITY LENDER

